I/83742/2023

<u>*ഭരണഭാഷ-മാതൃഭാഷ*</u>

## മുഖ്യ നഗരാസൂത്രകന്റെ നടപടിക്രമം
## തിരുവനന്തപുരം

വിഷയം :- തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്, – മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം, തിരുവനന്തപുരം - ജീവനക്കാര്യം - അച്ചടക്ക നടപടി ശ്രീ. മാത്യു കുര്യാക്കോസ്, എൽ.ഡി.ക്ലർക്ക് (HG)നെ സർവ്വീസിൽ നിന്ന് പിരിച്ച് വിട്ട് ഉത്തരവാകുന്നു.

================================================================

**എസ്റ്റാബ്ലിഷ്മെന്റ് സെക്ഷൻ**

**ഉത്തരവ് നമ്പർ. TCPCTP/2290/2022-A2** **തീയതി.22-01-2023**

================================================================

പരാമർശം :- 1) 30/10/2022 ലെ TCPCTP/2290/2022-A2(1) പ്രകാരമുള്ള കുറ്റപത്രം.
2) 30/10/2022 ലെ TCPCTP/2290/2022-A2(2) പ്രകാരമുള്ള കുറ്റാരോപണ പത്രിക
3) താങ്കളുടെ 27/11/2022 ലെ കുറ്റപത്രം/കുറ്റാരോപണ പത്രികയ്ക്കുള്ള മറുപടി.
4) ഈ കാര്യാലത്തിൽ നിന്നുള്ള 20/12/2022 ലെ TCPCTP/2290/2022-A2 നമ്പർ നോട്ടീസ്.
5) സർക്കാരിന്റെ 05/11/2020 ലെ G.O(P) 152/2020/Fin ഉത്തരവ്

## ഉത്തരവ്

ഈ വകുപ്പിലെ എൽ.ഡി ക്ലർക്ക് (HG) ആയിരുന്ന ശ്രീ.മാത്യു കുര്യാക്കോസിന് സർക്കാരിന്റെ 09/02/2007 ലെ G.O(Rt)No.410/2007/LSGD ഉത്തരവ് പ്രകാരം KSR ഭാഗം 1 അപ്പന്റിക്സ് XII C പ്രകാരമുള്ള ശൂന്യവേതനാവധി 13/02/2007 മുതൽ അഞ്ച് വർഷത്തേക്കും, ആയതിന് തുടർച്ചയായി അടുത്ത അഞ്ച് വർഷത്തേക്കും സർക്കാരിൽനിന്നുള്ള 19/07/2012 ലെ G.O(Rt)No.1980/12/LSGD ഉത്തരവ് പ്രകാരം വീണ്ടും അപ്പന്റിക്സ്-XIIC പ്രകാരമുള്ള ശൂന്യവേതനാവധി അനുവദിച്ചിട്ടുള്ളതും, ആയതിന് തുടർച്ചയായി ധനവകുപ്പിന്റെ 01/12/2012 ലെ G.O(Rt)No. 656/12/Fin ഉത്തരവിന്റെ അടിസ്ഥാനത്തിൽ വകുപ്പുമേധാവി വീണ്ടും 13/02/2017 മുതൽ അഞ്ച് വർഷത്തേക്ക് കൂടി ശൂന്യവേതനാവധി (Appendix XII C പ്രകാരം) അനുവദിച്ച് ഉത്തരവായിരുന്നു.

ശ്രീ. മാത്യു കുര്യാക്കോസിന്റെ ശൂന്യവേതനാവധി കാലയളവ് 13/02/2022 ൽ അവസാനിച്ചിട്ടുള്ളതും, തുടർന്ന് 14/02/2022 ൽ തിരികെ ജോലിയിൽ പ്രവേശിക്കാത്തതുമാണ്. ആയതുമായി ബന്ധപ്പെട്ട് 14/02/2022 ൽ തിരികെ

ജോലിയിൽ പ്രവേശിക്കാൻ കഴിയില്ല എന്നും 14/02/2022 മുതൽ തുടർന്നും രണ്ട് വർഷത്തേക്ക് കൂടി ശൂന്യവേതനാവധി ദീർഘിപ്പിച്ച് തരണമെന്നുള്ള അപേക്ഷ സർക്കാരിലേക്ക് അയക്കുകയും ആയതുമായി ബന്ധപ്പെട്ട് സർക്കാരിൽ നിന്നുള്ള 03/07/2022 ലെ ഇയു4/38/2022/LSGD കത്ത് പ്രകാരം KSR ഭാഗം 1 അനുബന്ധം XII A, XII C പ്രകാരം സർവ്വീസിൽ അനുവദിക്കാവുന്ന ശൂന്യവേതനാവധിയുടെ പരമാവധി കാലയളവ് 20 വർഷമെന്നത് 5 വർഷമാക്കി നിജപ്പെടുത്തിയിട്ടുള്ളതായും, സർക്കാരിന്റെ 05/11/2020 ലെ G.O(P) 152/2020/Fin ഉത്തരവ് പ്രകാരം KSRഭാഗം 1 അനുബന്ധം XII C പ്രകാരമുള്ള അവധി ദീർഘിപ്പിക്കുന്നതിനായി 05/11/2020 ന് ശേഷം സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കേണ്ടതും, ഇതിനകം അനുവദിച്ച അവധി കാലയളവ് അവസാനിക്കുന്ന മുറയ്ക്ക് തിരികെ ജോലിയിൽ പ്രവേശിക്കേണ്ടതാണെന്നും അപേക്ഷകനെ അറിയിക്കുവാനും, തിരികെ പ്രവേശിക്കാതെ അനധികൃതമായി തുടരുന്നവർക്കെതിരെ KSR ഭാഗം 1 അനുബന്ധം XIIC ചട്ടം 10 പ്രകാരം അച്ചടക്ക നടപടികൾ സ്വീകരിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്നും അറിയിച്ചിതിന്റെ അടിസ്ഥാനത്തിൽ ഈ കാര്യാലയത്തിൽ നിന്നും ആയത് അറിയിച്ച് കൊണ്ട് നാട്ടിലേയും, വിദേശത്തേയും അഡ്രസ്സിൽ കത്ത് അയയ്ക്കുകയും, ഇ-മെയിൽ അയയ്ക്കുകയും ചെയ്തിട്ടുണ്ട്.

എന്നാൽ തുടർന്നും തിരികെ പ്രവേശിക്കേണ്ട കാലാവധി പൂർത്തിയായതിന് ശേഷവും അനധികൃതമായി സർവ്വീസിൽ തിരികെ പ്രവേശിക്കാത്ത സാഹചര്യത്തിൽ ടിയാനെതിരെ പരാമർശം (1),(2) പ്രകാരം കുറ്റപത്രം/കുറ്റാരോപണപത്രിക എന്നിവ സർവ്വീസിൽ നിന്നും നീക്കം ചെയ്യാതിരിക്കുന്നതിനുള്ള അവസാന വഴിയെന്ന നിലയ്ക്ക് ടിയാന്റെ നാട്ടിലേയും, വിദേശത്തേയും അഡ്രസ്സുകളിലും കൂടാതെ ടിയാൻ നിലവിൽ ആശയവിനിമയം നടത്തിവരുന്ന ഇ-മെയിൽ അഡ്രസ്സിലും അയക്കുകയും, ആയതിനുള്ള മറുപടി പരാമർശം (3) പ്രകാരം ഇ-മെയിൽ മുഖാന്തിരം ലഭ്യമാക്കിയിട്ടുള്ളതുമാണ് (ancymw@yahoo.com ൽ നിന്നും). താങ്കളുടെ പ്രസ്തുത മറുപടി, സർക്കാരിന്റെ 05/11/2020 ലെ സ.ഉ(അ)നം.152/2020/ധന ഉത്തരവിന്റെ നഗ്നമായ ലംഘനമാണ്.

പരാമർശം (4) ലെ നോട്ടീസ് പ്രകാരം നോട്ടീസ് കൈപ്പറ്റി 15 ദിവസത്തിനകം മതിയായ വിശദീകരണം സഹിതം തിരികെ ജോലിയിൽ പ്രവേശിക്കാത്ത പക്ഷം മറ്റൊരു മുന്നറിയിപ്പ് ഇല്ലാതെ താങ്കളെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള തീരുമാനം സ്ഥിരപ്പെടുത്തികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കും

I/83742/2023

എന്ന് അറിയിച്ചുകൊണ്ട് ടിയാന്റെ നാട്ടിലേയും, വിദേശത്തേയും അഡ്രസ്സിലും, കൂടാതെ ഇ-മെയിലിലും (ancymw@yahoo.com) അയച്ചിട്ടും പ്രതികരിക്കാത്ത സാഹചര്യത്തിൽ ടിയാനെ KSR Part I ചട്ടം 24 ലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ 14/02/2022 മുതൽ അനധികൃതമായി സർവ്വീസിൽ നിന്നും വിട്ട് നിൽക്കുന്ന ശ്രീ. മാത്യു കുര്യാക്കോസ്, എൽ.ഡി.ക്ലാർക്ക് (HG) നെ 14/02/2022 തിയതി പ്രാബല്യത്തിൽ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള തീരുമാനം സ്ഥിരപ്പെടുത്തി ടിയാനെ സർവ്വീസിൽ നിന്നും പിരിച്ച് വിട്ടു കൊണ്ട് ഉത്തരവാകുന്നു.

Signed by
Pramod Kumar C.p
Date: 22-01-2023 13:19:40

**പ്രമോദ്കുമാർ.സി.പി**
**മുഖ്യ നഗരാസൂത്രകൻ**

**സ്വീകർത്താവ്**

1. **Sri.Mathew Kuriakose**
   Vellakottil House
   Gandhinagar P.O
   Kottayam- 686008.

2. **Sri. Mathew Kuriakose**
   55, Millgate
   Millers Town
   Maynooth Road, Kilcock
   Ireland –W23HXVI

**പകർപ്പ്.-**

1. ടൗൺ പ്ലാനർ, കോട്ടയം
2. സി.എ മുഖേന മുഖ്യ നഗരാസൂത്രകൻ
3. വെബ്സൈറ്റ്
4. കരുതൽ ഫയൽ
5. അധികം